പ്രൈമറി സ്കൂൾ കെട്ടിടം

*ക ൦ ൦൭. (൩൭) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട വിദ്യാഭ്യാസവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

ചേർത്തലത്താലൂക്കിലെ അനവധി ഗവൺമെണ്ടു പ്രൈമറി വിദ്യാലയ കെട്ടിടങ്ങൾ അപകടനിലയിൽ സ്ഥിതിചെയ്യുന്നു എന്നു ഗവൺമെണ്ടിലേക്കു വല്ല റിപ്പോർട്ടുകളോ നിവേദനങ്ങളോ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്തെല്ലാം സ്കൂളുകളെ സംബന്ധിച്ചാണു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ): ഇല്ല; എന്നാൽ വിദ്യാഭ്യാസ മേലധ്യക്ഷന്റെ അനേക്ഷണത്തിൽ ചില സ്കൂൾ കെട്ടിടങ്ങൾക്കു കേടുപാടുകൾ തീർക്കേണ്ടതായുണ്ടെന്നറിയപ്പെട്ടുകയും അതിലേക്കു സത്വരനടപടികൾ എടുത്തുകഴിയുകയും ചെയ്തിട്ടുണ്ടു്.

STIPEND TO TEACHERS

***1008.** [68] **C. V. Iyyu:** Will the Hon'ble Minister for Food and Education be pleased to answer:—

(*a*) whether the Government of the erstwhile Cochin State has issued an order No. E4-5186/24, dated 30th June 1949 stopping training stipends for private school teachers appointed (i) since reopening of schools in 1118 (ii) Sirkar School teachers appointed from 18th February 1948; and

(*b*) if so whether ex-servicemen who were in the Army or Government service or other Government servants who were in other Government departments other than Education or aided servicemen in the Education Department who were thrown out hands who entered Government Defence services or private service as the case may be, be exempt from this order?

Minister for Education, Labour and Civil Supplies **(Sri. Panampilli Govinda Menon):**

(*a*) Yes.

(*b*) No.

നെല്ലെടുപ്പു്

*ക ൦ ൦൯. (൩൮) ശ്രീ. പി. കെ. കുമാരൻ ആശാരി. താഴെ പറയുന്ന ചോദ്യങ്ങൾക്കു ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) തിരുവിതാംകൂർ വിഭാഗത്തു നെല്ലെടുപ്പു, ഉദ്ദ്യോഗപ്പെടുത്തുന്നതിനു ഗവൺമെണ്ടു കൈക്കൊണ്ടിട്ടുള്ള നടപടികൾ എവ;

(ബി) ഇതു സംബന്ധിച്ചു ഗവൺമെണ്ടു സ്വീകരിച്ചിട്ടുള്ള നയം എന്തു്?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പു മന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) താഴെ പറയുന്ന നടപടികൾ എടുത്തിട്ടുണ്ടു്.

(൧) കർഷകരിൽനിന്നും ഗവൺമെണ്ടിലേക്കു കിട്ടേണ്ട നെല്ലു നിശ്ചയിക്കാനും ആവശ്യപ്പെടാനും സംഭരിക്കാനും ഒരു ശരിയായ അടിസ്ഥാനം വ്യവസ്ഥചെയ്തുകൊണ്ടു സംസ്ഥാനമൊട്ടുക്കു ബാധകവും സമഗ്രവുമായ നെല്ലു് (എടുക്കലും കൊണ്ടുപോകലും) നിയന്ത്രണ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly

(ഛ) തിരുവിതാംകൂർ പ്രദേശത്തിലെ എല്ലാ പകുതിയിലും കൃഷി നട ത്തുന്ന ഭൂമിയുടെ വിസ്തീർണ്ണം ഉല്പാദനം കിട്ടാവുന്ന വിളവു മുതലായവയുടെ സ്ഥിതിവിവരകണക്കുകൾ കാണിക്കുന്ന രജിസ്റ്റർകൾ തുറന്നിട്ടുണ്ട്.

(ജ) വിളവെടുപ്പുവിവരം കാണിക്കുന്ന രജിസ്റ്റർകൾ സൂക്ഷിക്കാനും അതിന്റെ അടിസ്ഥാനത്തിൽ ഡിമാൻഡുകൾ നിശ്ചയിക്കാനും 'പർച്ചെയിസ്' ഉദ്യോഗസ്ഥന്മാർക്കു നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്.

(ഝ) ശരിയായ അധികാരത്തിലുള്ളതല്ലാത്ത നെല്ലു വാങ്ങലും വില്പനയും രണ്ടും നിരോധിച്ചിട്ടുണ്ട്.

(ഞ) ശരിയായ പെർമിറ്റു കൂടാതെ നെല്ലു കൊണ്ടുപോകുന്നതിനെ കഠിനകരമാക്കിയിട്ടുണ്ട്.

(ട) വിത്തിനും കൃഷിച്ചിലവുകൾക്കും വീട്ടാവശ്യത്തിനും കൃഷിക്കാർക്ക് അനുവദിക്കേണ്ട നെല്ല് ക്ലിപ്തപ്പെടുത്തിയിട്ടുണ്ട്.

(ഠ) കൃഷിക്കാർക്കു പ്രത്യേക റേഷൻ കാർഡുകൾ നിശ്ചയിച്ചിട്ടുണ്ട്. കൃഷിക്കാരനോ ഉപഭോക്താവോ റേഷൻ കാർഡിൻ പ്രകാരമുള്ള അളവുകളിൽ കവിഞ്ഞു കൂടുതൽ നെല്ലോ അരിയോ സംഭരിക്കയോ ചെയ്യാൻ അനുവദിക്കപ്പെട്ടിട്ടില്ല.

(ഡ) നെല്ലെടുപ്പും റേഷനിംഗും ചട്ടങ്ങൾ ലംഘിക്കുന്നതിനെ കഠിനകരമാക്കുകയും അതിന്മേൽ പോലീസിനു കേസെടുക്കാമെന്നു വയ്ക്കുകയും ചെയ്തിട്ടുണ്ട്.

(ഢ) തിരുവിതാംകൂർ പ്രദേശത്തിലും എല്ലാ താലൂക്കുകളിലും മുഴുവൻ സമയവും ജോലിചെയ്യുന്ന ഗ്രൂയിൻപർച്ചസ് തഹസിൽദാരന്മാരെയും ഫീൽഡ് സ്റ്റാഫിനെയും നിയമിച്ചിട്ടുണ്ട്.

(ണ) റേഷനിംഗും സംഭരണവും ജോലികൾ കൂടുതൽ ഏകീകരിക്കുന്നതിനും വിജയപ്രദമാക്കുന്നതിനും വേണ്ടി റേഷനിംഗ് ജോലികൂടി ഗ്രയിൻപർച്ചെയിസ് തഹസിൽദാരന്മാരെ ഏല്പിച്ചിട്ടുണ്ട്.

(ബി) വിത്തിനും കൃഷിച്ചിലവിനും വീട്ടാവശ്യത്തിനും ഗവൺമെണ്ടു നിരക്കനുസരിച്ചുള്ള നെല്ല് കഴിച്ചു ബാക്കിയുള്ള നെല്ലുമുഴുവനും എല്ലാ നിലമുടമസ്ഥന്മാരിൽനിന്നും വിലക്കെടുക്കുക എന്നതാണ് ഗവൺമെണ്ടിന്റെ നയം.

വിദ്യാഭ്യാസ സൗജന്യം

*ക ൦ കാ ൦ (൬ൻ) ശ്രീ. കെ. കെ. കണ്ണൻ;

(എ) കൊച്ചികണയന്നൂർ താലൂക്കിൽ തിരുവാംകുളം വില്ലേജ് നിവാസിയായ കളരിക്കൽ കെ. സി. തോമസ് എന്നയാൾ ക—ക—കൻ ൽ ന മുതൽ ക ൽ—ൻ—കൻ ൽ ന്യവരെ യുദ്ധസേവനം ചെയ്തു തിരിച്ചുവന്നിട്ടുള്ള വ്യക്തിയെന്ന നിലയിൽ യുദ്ധസേവനത്തിന്റെ പേരിൽ തന്റെ കുട്ടികൾക്കു കിട്ടാൻ അർഹതയുള്ള വിദ്യാഭ്യാസ സൗജന്യങ്ങൾക്കു വേണ്ടി അപേക്ഷിച്ചിട്ടുണ്ടോ;

(ബി) കവ— ന്യ— കൻ ൽ ന്യലും കൻ— ക ക— കകക ൪—ലും ൽ—ക—കൻ ൪ ൦ലും ൪—ന്യ —കൻ ൪ ൦ലും കവ—ക ൦— കൻ ൪ ൦ലും ബഹുമാനപ്പെട്ട വിദ്യാഭ്യാസ ഡയറക്ടർ അവർകൾക്കു പ്രസ്തുത ആനുകൂല്യങ്ങൾക്കുവേണ്ടി ടി. തോമസ് അപേക്ഷകൾ ബോധിപ്പിച്ചിട്ടുണ്ടോ?

(സി) ഇക്കാര്യത്തിൽ അനുകൂലമായ വല്ലകല്പനയും ഉണ്ടായിട്ടുണ്ടോ;

(ഡി) N. Dis 3650/123, L. dis 23530/124 എന്നീ നമ്പരുകളിൽ ഡയറക്ടരുടെ പ്രൊസീഡിംഗ്സുകളോ മെമ്മോകളോ ഉണ്ടായിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly